**ശുദ്ധി വരട്ടെ!** (മത്തായി 8: 1– 4)

EXT. പർവ്വത താഴ്‌വാരം – പകൽ

യേശു ഒരു മലമുകളിൽഇരുന്നുപഠിപ്പിക്കുകയാണ്. ക്യാമറ മേഘങ്ങളിൽ നിന്ന് പാറകൾക്കിടയിലൂടെ യേശുവിന്റെഅടുത്തേക്ക് വരുന്നു; യേശുവിന്റെ കാണിച്ച് പതുക്കെപിന്നിലേക്ക്നീങ്ങുന്നു, യേശുവിനെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ജനക്കൂട്ടം.

യേശു (മത്തായി 5: 3–12):



3 ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്. 4 വിലപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ആശ്വസിപ്പിക്കപ്പെടും. 5 ശാന്തശീലർ ഭാഗ്യവാൻമാർ; അവർ ഭൂമി അവകാശമാക്കും. 6 നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ; അവർക്കു സംതൃപ്തി ലഭിക്കും. 7 കരുണയുള്ളവർ ഭാഗ്യവാൻമാർ; അവർക്കു കരുണ ലഭിക്കും. 8 ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ കാണും. 9 സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവപുത്രൻ



മാരെന്നു വിളിക്കപ്പെടും. 10 നീതിക്കുവേി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്. 11 എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിൻമകളും നിങ്ങൾക്കെതിരേ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ; 12 നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ; സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും. നിങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രവാചകൻമാരെയും അവർ ഇപ്രകാരം പീഡിപ്പിച്ചിട്ടുണ്ട്.



യേശുനിനെ ശ്രദ്ധയോടെ കേൾക്കുന്നജനക്കൂട്ടം; അവന്റെ വാക്കുകളിൽ (പഠിപ്പിക്കലിൽ) ആശ്ചര്യപ്പെട്ട് അവർ പരസ്പരം നോക്കുകയുന്നു.

യേശു പ്രസംഗം ഉപസംഹരിക്കുന്നു.

യേശു (മത്തായി 7:24):



24 എൻെറ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത വിവേകമതിയായ മനുഷ്യനു തുല്യനായിരിക്കും.



യേശുവിന് ചുറ്റും ജനക്കൂട്ടത്തെകാണാം. അവർ ശ്രദ്ധയോടെ കേൾക്കുന്നു.

യേശു പാറയിൽ നിന്ന് എഴുന്നേറ്റ് പതുക്കെ നടക്കുന്നു.

ആൾക്കൂട്ടത്തിൽനിന്നുള്ള ഒരാൾ : എത്ര നല്ല കാര്യങ്ങൾ

ജനക്കൂട്ടം യേശുവിന്റെ പഠിപ്പിക്കലുകളെക്കുറിച്ച് പ്രശംസിച്ചുകോണ്ട് നടക്കുന്നു. (തിരക്കേറിയ ജനക്കൂട്ടത്തിന്റെ ശബ്ദഅന്തരീക്ഷം)

യേശു പർവ്വത താഴ്‌വരയിലൂടെ നടക്കുന്നു.

അദ്ദേഹത്തിന്റെ മഹത്തായ പഠിപ്പിക്കലിനെക്കുറിച്ച് ജനക്കൂട്ടം ഇപ്പോഴും പറഞ്ഞുകൊണ്ടെയിരിക്കുന്നു.



ആൾക്കൂട്ടത്തിൽനിന്നുള്ള ഒരാൾ : ആശ്ചര്യമായിരിക്കുന്നു

മറ്റൊരാൾ : ഇത്രയും അർത്ഥവത്തായ വചനങ്ങൾ ഇതിനുമുൻപ് കേട്ടിട്ടേയില്ല!

യേശു പർവത താഴ്വരയിലൂടെ നടക്കുന്നു. വലിയ ജനക്കൂട്ടം അവനെ അനുഗമിക്കുന്നു.

EXT. ലാൻഡ്സ്കേപ്പ് – പകൽ



ഒരു കുഷ്ഠരോഗിയുടെ  ഒരുപാദത്തിന്റെക്ലോസപ്പ്. അയാൾ മുടന്തി മുടന്തി നടന്നുനീങ്ങുന്നു. ക്യാമറ അവന്റെ കാൽ പിന്തുടരുമ്പോൾ ശരീരം മുഴുവനും വ്രണങ്ങൾ നിറഞ്ഞ ഒരു കുഷ്ഠരോഗിയാണെന്ന് നാം കാണുന്നു.
അടുത്തു വരുന്ന ജനക്കൂട്ടത്തെ അവൻദൂരെ നിന്ന് ആകാംക്ഷയോടെ നോക്കുന്നു.



അങ്ങകലെ നിന്ന് നടന്നു വരുന്ന യേശുവിനേയും അവനെ പിന്തുടരുന്ന ഒരു വലിയ ജനക്കൂട്ടത്തേയും കാണാം

കുഷ്ഠരോഗി യേശുവിനെ നോക്കുന്നു, പക്ഷേ അവനെ ചുറ്റിപ്പറ്റിയുള്ള ജനക്കൂട്ടംകാരണം കാണാൻ കഴിയുന്നില്ല.

യേശു അനുകമ്പയോടും സമാധാനത്തോടും കൂടി കുഷ്ഠരോഗിയെ നോക്കുന്നു. ആൾക്കൂട്ടത്തിന്റെ തടസ്സങ്ങളില്ലാതെ കുഷ്ഠരോഗിയെ അവൻ കാണുന്നു.

കുഷ്ഠരോഗി വേഗത്തിൽ നടക്കാൻ തീവ്രമായി ശ്രമിക്കുന്നു. (അവന്റെദ്രുതശ്വാസം) (ക്യാമറഅവനിൽനിന്ന്പിന്നിലേക്ക്നീങ്ങുന്നു.).



അവൻ അത്ഭുതത്തോടെ യേശുവിനെ കാണുന്നു.

ക്യാമറ യേശുവിന്റെ അടുത്തേക്ക് നീങ്ങുന്നു. യേശു അനുകമ്പയോടും സമാധാനത്തോടും കൂടി കുഷ്ഠരോഗിയെ നോക്കുന്നു.

കുഷ്ഠരോഗി മുടന്തി യേശുവിന്റെ അരികിൽ എത്തുന്നു; അവന്റെ ഹൃദയമിടിപ്പ് വർദ്ധിക്കുന്നു; അവന്റെ കണ്ണിൽനിന്നും കണ്ണുനീർഒഴുകുന്നു.

കുഷ്ഠരോഗിയെ കണ്ട് ജനക്കൂട്ടത്തിൽ നിന്ന് ഒരാൾ നിലവിളിക്കുന്നു.

ആൾക്കൂട്ടത്തിൽനിന്നുള്ളഒരാൾ: ദേ ഒരുകുഷ്ഠരോഗി

ആൾക്കൂട്ടത്തിൽ നിന്ന് മറ്റൊരാൾ കുഷ്ഠരോഗിയോട് അവജ്ഞയോടെ ആജ്ഞാപിക്കുന്നു.

ആൾക്കൂട്ടത്തിൽനിന്നുള്ളഒരാൾ: മാറിപ്പോ...മാറിപ്പോ... ഇങ്ങോട്ട് വരാൻ നിനക്ക് എങ്ങനെ ധൈര്യം വന്നു. ദൂരെപ്പോ... ഗുരുവേ, അവനെതൊടരുത്.

കൂട്ടത്തിൽ ഒരാൾ മൂക്ക് പൊത്തുന്നു.



കുഷ്ഠരോഗിയുടെ കണ്ണിൽ നിന്നും ്കണ്ണുനീർ ഒഴുകുന്നു. അവൻ ഭക്തിയോടെ യേശുവിനെ നോക്കി യാചിക്കുന്നു



കുഷ്ഠരോഗി (മത്തായി 8:2)

കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും.



സ്നേഹത്തോടും കരുതലോടും ദയയോടും കൂടെ യേശു തന്റെ കൈകൾ നീട്ടുന്നു.

യേശു കുഷ്ഠരോഗിയെ സ്പർശിച്ചുകൊണ്ട് പറയുന്നു,

യേശു (മത്തായി 8:3): എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിവരട്ടെ.

അത് കണ്ട് ജനക്കൂട്ടം അത്ഭുതപ്പെടുന്നു. യേശുവിന്റെ കൈകൾ ഇപ്പോഴും കുഷ്ഠരോഗിയുടെ ചുമലിലാണ്. കുഷ്ഠരോഗിയുടെ വടിതാഴെ വീണു മണിപൊട്ടുന്നു.



കുഷ്ഠരോഗി മുകളിലേക്ക് നോക്കുന്നു. അവന്റെ മുഖം ഒരു പുതിയ മുഖമായിമാറുന്നു.മുഖം പൂർണ്ണമായും സുഖപ്പെടുന്നു. അവന്റെകണ്ണുകൾ സന്തോഷം കൊണ്ട് നിറഞ്ഞു.

ആൾക്കൂട്ടം അദ്ഭുതത്തോടെ അത് നോക്കുന്നു.



ദിവ്യപ്രകാശത്താൽ വലയംചെയ്ത യേശുവിന്റെ മുഖം കാണാം

കുഷ്ഠരോഗി വലതു കൈ ഉയർത്തുന്നു;
അതിശയകരമാം വിധം അത് സുഖപ്പെടുന്നു.



കുഷ്ഠരോഗി മറ്റേകൈ ഉയർത്തുന്നു;
അതുംസുഖപ്പെടുന്നു.

ഇത് കണ്ട് അമ്പരന്ന ജനക്കൂട്ടം.

പുഞ്ചിരിക്കുന്ന, അനുകമ്പയുള്ള യേശു



കുഷ്ഠരോഗിയുടെ പാദവുംപൂർണ്ണമായും
സുഖപ്പെടുന്നു.

കുഷ്ഠരോഗി സന്തോഷത്തോടെ കൈകൾ
ഉയർത്തുന്നു. അവൻ അത്ഭുതത്തോടെയും
സന്തോഷത്തോടെയും തന്റെ ശരീരത്തിലേക്ക്
നോക്കുന്നു.

കുഷ്ഠരോഗി (യോഹന്നാൻ 20:28) :

എൻെറ കർത്താവേ, എൻെറ ദൈവമേ!

ആൾക്കൂട്ടത്തിൽ നിന്ന് ഒരാൾ അത്ഭുതത്തോടെ പറഞ്ഞു

എൻെറ കർത്താവേ, എൻെറ ദൈവമേ!

റയശു (ശാന്തമായിപറയുന്നു) (മത്തായി 8:4)



നീ ഇത് ആരോടും പറയരുത്. പോയി
നിന്നെത്തന്നെ പുരോഹിതനു
കാണിച്ചുകൊടുക്കുകയും മോശ
കൽപിച്ചിട്ടുള്ള കാഴ്ച ജനത്തിൻെറ
സാക്ഷ്യത്തിനായി സമർപ്പിക്കുകയും
ചെയ്യുക.

യേശുവിന്റെ വാക്കുകൾ സുഖംപ്രാപിച്ച കുഷ്ഠരോഗിയുടെയും ജനക്കൂട്ടത്തിന്റെയും മേൽസ്വർഗത്തിൽ നിന്നുള്ള ഒരുവാചകം പോലെവീഴുന്നു. അവർഅത്ഭുതത്തോടെയും തിരിച്ചറിവോടെയുംഭക്തിയോടെയും യേശുവിനെ നോക്കുന്നു.